എസ് എ(2)2099/2019

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:23-01-2019

# പരിപത്രം

വിഷയം: കാർഷിക വികസന കർഷകക്ഷേമ വകുപ്പ് – ഓൺലൈൻ ജനറൽ ട്രാൻസ്ഫർ - സ്പാർക്കിലെ ഡാറ്റാ ലോക്ക് ചെയ്യുന്നത്-സംബന്ധിച്ച്

സൂചന: (1) 14.01.2019 ന് കൃഷിഡയറക്ടർ വിളിച്ച് ചേർത്ത മീറ്റിംഗിലെ തീരുമാനം
(2) എൻ.ഐ.സി തിരുവനന്തപുരത്തിൽ നിന്നും ലഭിച്ച ഇ-മെയിൽ, തീയതി:22.01.2019

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ 2019 ലെ പൊതുസ്ഥലംമാറ്റം SPARK ലെ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂൾ മുഖേന നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി SPARK ലെ ജീവനക്കാരെ സംബന്ധിച്ചുള്ള ഡാറ്റാ അപ്ഡേറ്റ് (update) ചെയ്ത്, പരിശോധിച്ച് (verify) ലോക്ക് (lock) ചെയ്യേണ്ടതുണ്ട് എന്ന് മേൽ സൂചന(2) മുഖേന NIC യിൽ നിന്നും അറിയിച്ചിരിക്കുന്നു. ഡാറ്റാ ലോക്ക് ചെയ്താൽ മാത്രമേ പൊതുസ്ഥലം മാറ്റത്തിനുള്ള മൊഡ്യൂളിലേയ്ക്ക് ജീവനക്കാരുടെ ഡാറ്റാ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

2019 –ലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഫെബ്രുവരിയിൽ തന്നെ സ്വീകരിക്കേണ്ടതിനാൽ SPARK ലെ ഡാറ്റാ ലോക്കിംഗ് ജനുവരിയിൽ തന്നെ പൂർത്തിയാക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ എല്ലാ Drawing and Disbursing Officer –മാരും അവരുടെ ഓഫീസിൽ നിന്നും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ ഡാറ്റാ 2018 ജനുവരി 31ന് മുമ്പായി അപ്ഡേറ്റ് (update) ചെയ്ത് പരിശോധിച്ച് (verify) ലോക്ക് (lock) ചെയ്യേണ്ടതാണ്. ലോക്ക് ചെയ്ത ശേഷം വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ ഈ ഓഫീസിലേയ്ക്ക് ഇ-മെയിലിൽ agrigeneraltransfer@gmail.com എന്ന വിലാസത്തിൽ അയച്ച് തരേണ്ടതാണ്.

സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഇക്കാര്യത്തിൽ എല്ലാ Drawing and Disbursing Officer –മാരും സമയബന്ധിതമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അതതു പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഇക്കാര്യം ഉറപ്പു വരുത്തേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും
അക്കൗണ്ട്സ് ഓഫീസർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

കൃഷി ഡയറക്ടർക്കു വേണ്ടി
SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

# അനുബന്ധം – 1

ജില്ല :

ഓഫീസിന്റെ പേര് :

| നം | തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

| നം | പേര് | പെൻ നം. | തസ്തിക | Updated | Verified | Locked |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |